നം.കെ.എസ്.എ.പിറ്റിഎ.പി6-694/2019 തീയതി:17.08.2019

**പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 7.2.2019 മുതൽ 25.7.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 26.7.2019 മുതൽ 07.08.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. അരുൺ.എസ്.നായർ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.അനിൽകുമാർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുനിൽകുമാർ യു എസ്, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി റോസമ്മ സ്കറിയ | 1.4.2018 മുതൽ 31.3.2019 വരെ |

### വൈസ് പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ഷാജി തോമസ് | 1.4.2018 മുതൽ 31.3.2019 വരെ |

### സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ

| | |
|---|---|
| ശ്രീമതി *(വികസനകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി നിഷാ അലക്സ് *(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. ജോർജ്ജ് പൗവത്ത്*(ക്ഷേമകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. മുകുന്ദൻ വി | 1.4.2018 മുതൽ 1.3.2019 വരെ |
| ശ്രീ. ജോസ് ഈപ്പൻ | 2.3.2019 മുതൽ 31.3.2019 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീമതി ടീസാ സെലിൻ ജോസഫ് | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)** | |
| ഡോ. ആശിഷ് പണിക്കർ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ. പാർവ്വതി പി എ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. ഹേമശേഖർ ജെ | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി ഉഷ സി കെ | 1.4.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. റിനവോൺ എം ഡി | 1.4.2018 മുതൽ 14.9.2018 വരെ |
| ശ്രീ. റോബിൻ മാത്യു | 15.9.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. എ പി സുനിൽകുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി സ്മിത എസ് | 1.4.2018 മുതൽ 16.7.2018 വരെ |
| ശ്രീമതി സുധർമ്മണി എസ് | 17.7.2018 മുതൽ 24.11.2018 വരെ |
| | |

| | |
|---|---|
| ശ്രീമതി റോസമ്മ സി സി | 25.11.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മാസ്റ്റർ, ജിഎൽപിഎസ്, കുന്നം** | |
| ശ്രീ. ജോൺ ശാമുവൽ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീമതി അന്ന ആർ ബാബു | 1.4.2018 മുതൽ 10.4.2018 വരെ |
| ശ്രീമതി ഷീബ ആർ | 11.4.2018 മുതൽ 31.3.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

**സൂചിക**

| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| | | |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ അപാകത | 2-1 |
| 14 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 2-2 |
| 15 | തൊഴിൽനികുതി പിരിവ് -പൊതുഅവലോകനം | 2-3 |
| 16 | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 2-4 |
| | **ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 17 | പദ്ധതി നടത്തിപ്പ് - അവലോകനം | 3-1 |
| 18 | ഗാർഹിക കുടിവെള്ള കണക്ഷൻ ഉള്ളവർക്ക് വീണ്ടും ആനുകൂല്യം നൽകി | 3-2 |
| 19 | സ്മാർട്ട് ക്ലാസ്സ്റൂം – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 |
| 20 | ഫ്രണ്ട് ഓഫീസ് കിയോസ്ക് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല | 3-4 |
| 21 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ ആനുകൂല്യംനൽകുന്നില്ല | 3-5 |
| 22 | ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർ നിലവിൽ ഭവനരഹിതരായി തുടരുന്നു | 3-6 |
| 23 | അങ്കണവാടികൾക്ക് അധിക വാടക നൽകുന്നില്ല | 3-7 |
| 24 | സെന്റേജ് ചാർജ്ജ് അധികം ഈടാക്കിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-8 |
| 25 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടി ഫലം കണ്ടില്ല | 3-10 |
| 27 | മീറ്ററിംഗ് പ്രവൃത്തികൾ നാളിതുവരെ പൂർത്തിയായിട്ടില്ല | 3-11 |
| 28 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രീബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 3-12 |
| 29 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ ക്യാഷ് ബുക്ക് എഴുതിയില്ല | 3-13 |
| | | |

| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 30 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 17.3.18-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 19.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 13334229 | 9239013 | | 4095216 |
| വരവ് | 158732000 | 111263480 | | 47468520 |
| ആകെ | 172066229 | 120502493 | | 51563736 |
| ചെലവ് | 166482900 | 87662900 | | 78820000 |
| നീക്കിയിരിപ്പ് | 5583329 | 32839593 | 27256264 | |

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2018-19 | 31.7.2019 | 30.04.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് 27.6.2019-ലെ കെ.എസ്.എ.പി.റ്റി.എ. പി1/602(34)/19-നമ്പർ പ്രകാരം വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 9239013 |
| വരവ് | 111263480 |
| ആകെ | 120502493 |
| ചെലവ് | 87662900 |
| നീക്കിയിരിപ്പ് | 32839593 |

# 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| | *മുൻ ബാക്കി* | *തൻവർഷ വരവ്/ അലോട്ട്മെന്റ് തുക* | *ആകെ* | *ചെലവ്* | *നീക്കി ബാക്കി/ ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 15154096 | 15154096 | 15132443 | 21653 | 99.85 |
| വികസന ഫണ്ട് (എസ്.സി.പി) | - | 4080000 | 4080000 | 2756500 | 1323500 | 67.56 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 968000 | 968000 | 419912 | 548088 | 43.37 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 14763000 | 14763000 | 14694619 | 68381 | 99.53 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 3132000 | 3132000 | 2858471 | 273529 | 91.26 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 8981293 | 8981293 | 6439156 | 2542137 | 71.69 |
| ട്രഷറി ടി.എസ്.ബി.അക്കൗണ്ട് | 2572996 | 28297313 | 30870309 | 15567219 | 15303090 | |

| | | | | | | |
|---|---|---|---|---|---|---|
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (സാക്ഷരത) | 63 | - | 63 | - | 63 | |
| ~~എസ്.ബി.ഐ (തനത് ഫണ്ട്)~~ | ~~2480424~~ | ~~12482407~~ | ~~14962831~~ | ~~10325567~~ | ~~4637255~~ | |
| എസ്.ബി.ഐ(ഇ-പേയ്മെന്റ്) | 58404 | 127918 | 186322 | 649 | 185673 | |
| സി.ബി.ഐ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 863 | 1263335 | 1264198 | 1260141 | 4057 | |
| ട്രഷറി ജോയിന്റ് വെഞ്ചർ | 1432290 | 21055023 | 19622733 | 12919954 | 6702779 | |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്) | 5558553 | 14254684 | 19813237 | 13883120 | 5930117 | |

**ബി)** **തനത് വരുമാനം**

| *ഇനം* | *മുൻവർഷ വരവ്* | *തൻവർഷ വരവ്* | *വ്യത്യാസം (+/-)* |
|---|---|---|---|
| നികുതി വരവുകൾ | 7727927 | 5695535 | 2032932 |
| നികുതിയേതര വരവുകൾ | 1672653 | 1083025 | 589628 |
| ആകെ | 9400580 | 6778560 | 2622020 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 207 | 115323427 | 156 | 61259779 | 51 | 53.12 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 13 | 24731500 | 9 | 12488286 | 50.49 |
| സേവനം | 76 | 55780465 | 56 | 26892722 | 48.21 |
| പശ്ചാത്തലം | 118 | 34811462 | 91 | 21878771 | 62.85 |
| **ആകെ** | **207** | **115323427** | **156** | **61259779** | **53.12** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 33 | 19 | 17345995 | 6962468 | 40.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1160000 | 501924 | 43.27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 116 | 91 | 35597179 | 23491981 | 65.99 |
| വി.ഇ.ഒ | 18 | 12 | 33795978 | 12085000 | 35.76 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 1 | 1 | 890000 | 890000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 90000 | 90000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 150000 | 150000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 3484775 | 2975917 | 85.4 |
| കൃഷി ഓഫീസർ | 2 | 2 | 6263500 | 5913490 | 94.41 |
| വെറ്ററിനറി സർജൻ | 5 | 4 | 6268000 | 1937500 | 30.91 |
| എച്ച്.എം, ഗവ. എൽ.പി.എസ് | 12 | 12 | 2228000 | 1739235 | 78.06 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 8050000 | 4522264 | 56.18 |
| **ആകെ** | **207** | **156** | **115323427** | **61259779** | **53.12** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 863 | 963787 | 964650 | 960593 | 4057 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 32061273 | 32061273 | 32061273 | - |
| ആകെ | 863 | 33025060 | 33025923 | 33021866 | 4057 |

## 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 114 | 1451600 |
| | | |

| | | |
|---|---|---|
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1764 | 19563200 |
| വികലാംഗ പെൻഷൻ | 253 | 2948800 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 303600 |
| വിധവാ പെൻഷൻ | 777 | 9142000 |
| തൊഴിൽ രഹിത വേതനം | 3 | 4320 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2019-ന് 4 പി.എം.മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 31508/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 പൊതുഅവലോകനം, ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. ഗ്രാമസഭയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

*<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.</u>*

പദ്ധതിആസൂത്രണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലെയും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ മുൻഗണനക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ കേവലം പേരിനുള്ളത് മാത്രമായി പരിണമിക്കുന്ന യാഥാർത്ഥ്യമാണുള്ളത്. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതിആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ശ്രമിച്ചിട്ടില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നല്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല.

*<u>ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല</u>*

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് വ്യവസ്ഥ പാലിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.7.19-9.7.19 | 5/19-6/19 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.4.2009 | 2004-15 മുതൽ 2008-09 വരെ | 15.6.2009 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. RP 40(b) -ഷെഡ്യൂൾ

   ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ക്ലോസിംഗ് ബാലൻസ് 15323090/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 15303090/- രൂപയാണ്. വ്യത്യാസം 20000 രൂപ.

2. B4 – ഷെഡ്യൂൾ

   (i) ഐ.സി.ഡി.എസ് പദ്ധതിക്കായുള്ള കേന്ദ്ര ഫണ്ടിന്റെ ACR പ്രകാരം ബാലൻസ് 983303 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 320100121)തെറ്റായി (-)21126 രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

   (ii) ശുചിത്വ മിഷൻ ഗ്രാന്റ് ബാലൻസ് ACR പ്രകാരം 2667130/- രൂപയാണ്.എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 320200322) 1949360/- രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

3. B5 -ഷെഡ്യൂൾ

   (i)ലൈഫ് മിഷൻ പദ്ധതിക്കു വേണ്ടി KURDFC യിൽ നിന്നും 2018-19 വർഷം 6800000/- രൂപ ലോണെടുത്തത് വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയ 4538015 രൂപ ഉൾപ്പെടെ 11338015/- രൂപയാണ് (ഹെഡ് ഓഫ് അക്കൗണ്ട് 330500201) ബാധ്യത കാണിച്ചിട്ടുള്ളത്. തൻവർഷം തിരിച്ചടവില്ലാത്തതിനാൽ യഥാർത്ഥത്തിൽ 6800000/- രൂപ മാത്രം ബാധ്യതയായി കാണിക്കേണ്ടതാണ്.

   (ii)B5 ഷെഡ്യൂളിലെ തുകയും B16 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. B11-ഷെഡ്യൂൾ - ഫിക്സഡ് അസറ്റ്

മുൻ വർഷത്തെ B11 ഷെഡ്യൂൾ പ്രകാരമുള്ള തുകയും RP38 ഷെഡ്യൂൾ പ്രകാരമുള്ള ഫിക്സഡ് അസറ്റും ചേർന്നുള്ള തുകയിൽ നിന്നും തേയ്മാനം കുറക്കുമ്പോൾ കിട്ടുന്ന തുക B11 ഷെഡ്യൂളിലെ 27393151/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

5. B15 -ഷെഡ്യൂൾ

(i)വസ്തു നികുതി (റസിഡൻഷ്യൽ ബിൽഡിംഗ് & നോൺ റസിഡൻഷ്യൽ ബിൽഡിംഗ്) പിരിഞ്ഞു കിട്ടാനുള്ള തൻ വർഷത്തെ തുകയും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയും സഞ്ചയ സോഫ്റ്റ് വെയർ മുഖേന 31-03-2019 ൽ തയ്യാറാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ വസ്തുനികുതി ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(ii)ടി പൊരുത്തക്കേട് നിലനിൽക്കുന്നതിനാൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേന 31-03-2019 ൽ തയ്യാറാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ സർവ്വീസ് സെസ് ബാലൻസും ബാലൻസ് ഷീറ്റിലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. B18 -ഷെഡ്യൂൾ

460100199 other Advance എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 466904 രൂപയും 460509901-Advance to others എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം184441 രൂപയും എൻ.ആർ.ഇ.ജി സ്റ്റാഫിന്റെ ശമ്പളമിനത്തിലും ഓഫീസ് എക്സ്പെൻസ് ഇനത്തിലും തിരികെ കിട്ടാൻ അവശേഷിക്കുന്നതായി വാർഷിക കണക്കിൽ കാണുന്നു. എന്നാൽ എൻ.ആർ.ഇ.ജി വിഭാഗം തയ്യാറാക്കിയ യഥാർത്ഥ കണക്ക് പ്രകാരം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയിൽ എൻ.ആർ.ഇ.ജി ഫണ്ട് റീക്രൂപ്പ് ചെയ്യാനുള്ളത് 669611/- രൂപയാണ്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

7. RP1 – ഷെഡ്യൂൾ

തൊഴിൽ നികുതി (എംപ്ലോയിസ് ) വരവ് 1296795/- രൂപയായി വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 110200102). എന്നാൽ 31-03-2019 ൽ പ്രസ്തുത ലഡ്ജർ പ്രകാരം 1312545/- രൂപയാണ് വരവ് വന്നിട്ടുള്ളത്. വ്യത്യാസം 15750/- രൂപ.

8. RP5 – ഷെഡ്യൂൾ

ലേല രജിസ്റ്റർ പ്രകാരം മരം ലേലം ഇനത്തിൽ 92000/- രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 150100110) തെറ്റായി 71686/- രൂപയായി കാണിച്ചിരിക്കുന്നു.

9. RP31 – ഷെഡ്യൂൾ

തൊഴിലുറപ്പ് വിഭാഗത്തിന്റെ കണക്ക് അനുസരിച്ച് NREG ഫണ്ട് തിരികെ റീക്രൂപ്പ് ചെയ്തിട്ടുള്ളത് 606814/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 320100101) തെറ്റായി 890535/- രൂപയായി കാണിച്ചിരിക്കുന്നു.

10. RP36 – ഷെഡ്യൂൾ

(i)സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതി അഡ്വാൻസ് കളക്ഷൻ 28753/- രൂപയാണ്.എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 350410101) തെറ്റായി 5973/- രൂപയായി കാണിച്ചിരിക്കുന്നു. ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(ii) 350800299 other liabilities എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 348700/- രൂപ കാണിച്ചിട്ടുണ്ട്. എൽ.ഇ.ഡി ബൾബിന്റെ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള പ്രസ്തുത വരവ് 320800101 എന്ന

ഹെഡിൽ വരേണ്ട തുകയാണ്.

11. RP32 സെക്യേർഡ് ലോൺസ്

KURDFC യിൽ നിന്നും 2018-19 വർഷം 6800000/- രൂപ ലോണെടുത്തത് വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയ 4538015 രൂപ ഉൾപ്പെടെ 11338015/- രൂപയാണ് (ഹെഡ് ഓഫ് അക്കൗണ്ട് 330500201) കാണിച്ചിട്ടുള്ളത്.

12. RP34 - ഷെഡ്യൂൾ

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബിഡ്സെ്ഇ.എം.ഡി ഇനത്തിൽ 962618/- വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 340100103) തെറ്റായി 666433/- രൂപയായി കാണിച്ചിരിക്കുന്നു.

13. RP43(sundry Debtors Receivables)

വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള റസിഡൻഷ്യൽ& നോൺ റസിഡൻഷ്യൽബിൽഡിംഗ് വസ്തു നികുതി കറണ്ട് കളക്ഷനും അരിയർ കളക്ഷനും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള 31-03-19 ലെ പത്രികയിലെ കളക്ഷനുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അപാകത സെസ് കളക്ഷനിലും കാണുന്നു.

14. RP31 ഷെഡ്യൂൾ

സംയുക്ത പ്രോജക്റ്റിനായി ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയ വിഹിതത്തിൽ നിന്നും 6745000/- തൻ വർഷം ചെലവഴിച്ചിട്ടുള്ളതായി ACR ൽ കാണുന്നു.എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 320700205) തെറ്റായി 4205000/- രൂപയായി കാണിച്ചിരിക്കുന്നു.

1.

15. RP34 ഷെഡ്യൂൾ(ചെലവ് ഭാഗം)

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബിഡ്സെ്ഇ.എം.ഡി ഇനത്തിൽ തിരികെ നൽകിയത് 962618/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ (ഹെഡ് ഓഫ് അക്കൗണ്ട് 340100103) തെറ്റായി 367619/- രൂപയായി കാണിച്ചിരിക്കുന്നു.

16. RP47ഷെഡ്യൂൾ

NREG സ്റ്റാഫിന്റെ സാലറിയും ഓഫീസ് എക്സ്പെൻസ് ഇനത്തിലും തൻ വർഷം 1065068/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. 460100199 other advance എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 466904/-രൂപയും 460509901 advance to othersഎന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 202707/-രൂപയുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വ്യത്യാസം 395457/-രൂപ.

1.

17. I-1 ഷെഡ്യൂൾ

ഡിമാന്റ് രജിസ്റ്റർ പ്രകാരം എംപ്ലോയീസ് തൊഴിൽ നികുതി ഡിമാന്റ് 1270155/- രൂപയാണ്. എന്നാൽ 110200102 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1312545 രൂപയായി കാണിച്ചിരിക്കുന്നു.

18. I-3 ഷെഡ്യൂൾ

I-3 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിലുള്ള ഡിമാന്റ് 401833/- രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ലാത്തിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

19. I-4(b)ഷെഡ്യൂൾ

1. ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് 128000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 140110101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 150000/- രൂപയായി തെറ്റായി കാണിച്ചിരിക്കുന്നു.

1.

20. I-5(b)ഷെഡ്യൂൾ

തടി ലേലമിനത്തിലുള്ള ആകെ ഡിമാന്റ് 92000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 150100110 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 71686/- രൂപയായി തെറ്റായി കാണിച്ചിരിക്കുന്നു.

21. I-6ഷെഡ്യൂൾ

1. (i) ICDS കേന്ദ്രഫണ്ടിനത്തിലുള്ള യഥാർത്ഥ ചെലവ്(റവന്യൂ) ACR പ്രകാരം 631670/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 160100619 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1636099/- രൂപ എന്ന് തെറ്റായി കാണിച്ചിരിക്കുന്നു.

(ii)ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിഹിതത്തിന്റെ തൻ വർഷ റവന്യൂ ചെലവ് ACR പ്രകാരം 7350870/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 160300102 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 3019974/- രൂപയായി തെറ്റായി കാണിച്ചിരിക്കുന്നു.

(iii)ജില്ലാ പഞ്ചായത്ത് ഫണ്ട് വിഹിതത്തിന്റെ തൻ വർഷ റവന്യൂ ചെലവ് ACR പ്രകാരം 3095000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 160300101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2540000/- രൂപയായി തെറ്റായി കാണിച്ചിരിക്കുന്നു.

22. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾക്കോള്ളിച്ചിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. അല്ലാത്തപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന വാണിജ്യാവശ്യത്തിലുള്ള കെട്ടിടങ്ങൾക്ക് വെവ്വേറെ നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നം, | ഉടമസ്ഥന്റെ പേരും | തറ | നിർണയിച്ച | നിർണ്ണയിക്കേണ്ട | കുറവ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| കെട്ടിട നമ്പർ, ഉപയോഗ ക്രമവും | വിലാസവും | വിസ്തീർണ്ണം (ച.മീ) | നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 40 രൂപ നിരക്കിൽ) 20%വർദ്ധനവ് സേവന ഉപനികുതി ഗ്രന്ഥശാല വരി ഉൾപ്പെടെ | നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) 20%വർദ്ധനവ്, സേവന ഉപനികുതി, ഗ്രന്ഥശാല വരി ഉൾപ്പെടെ | |
| I, 520-525 വാണിജ്യാവശ്യം | ശ്രീ.ജോസഫ് തോമസ്സ്, പാലപ്ലാക്കൽ വെച്ചൂച്ചിറ,കുന്നം | 187ച.മീ | 10625 | 16156 | 5531 |
| 2, 579A-579C | ശ്രീ.റ്റിനിൽ ചെറിയാൻ ചാക്കോ പള്ളികിഴക്കതിൽ,വെച്ചൂച്ചിറ | 132ച.മീ | 7605 | 11405 | 3800 |
| 5, 496-501 വാണിജ്യാവശ്യം | ശ്രീ.രാജേഷ് ഡൊമിനിക് മൂക്കങ്കൽ,മുക്കൂട്ടുത്തറ | 108ച.മീ | 8557 (497ാം നമ്പർ കടമുറിക്ക് 40രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്) | 9331 | 774 |
| 6, 585-586 | ശ്രീ.ടോമിച്ചൻ.കെ.ജെ കെന്നോട്ട്കുന്നേൽ പലകക്കാവ്,മുക്കൂട്ടുത്തറ | 106ച.മീ | 6107 | 9158 | 3051 |
| 8, 754-759 | ശ്രീ.കെ.എസ്.ജോസഫ് കൈപ്പടാകരിയിൽ ചാത്തൻതറ | 418.3 | 28200 | 42465 | 14265 |

അപാകത ചൂണ്ടികാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് (12/03.08.19)നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

# 2-2 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996-ലെ കേരള ബിൽഡിംഗ്&അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആകെ പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കി ക്ഷേമ നിധി ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയാൽ മതി. (The Building and Other Construction Workers Welfare Cess Act,1996 Section 3-3) അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമ നിധി വിഹിതമായി 253192രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 2531/- രൂപ കളക്ഷൻ ചാർജായി ഈടാക്കേണ്ടിയിരുന്നതാണ്. എന്നാൽ ക്ഷേമ നിധി വിഹിതമായി ഈടാക്കിയ മുഴുവൻ തുകയും ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക വരുത്തുകയാണ് ചെയ്തത്. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/03.08.19) അസ്സി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 2-3 തൊഴിൽനികുതി പിരിവ് -പൊതുഅവലോകനം

**എ) <u>ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല</u>**

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാർഗ്ഗമാണ് തൊഴിൽനികുതി. ഓഡിറ്റ് വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|
| പോലീസ് സ്റ്റേഷൻ,വെച്ചൂച്ചിറ | IIാം അർദ്ധവർഷം |
| റേഷൻ റീട്ടെയിൽ ഡിപ്പോ ജീവനക്കാർ | I&II അർദ്ധവർഷങ്ങൾ |
| ക്ഷീരസംഘങ്ങളിലെ ജീവനക്കാർ | I&II അർദ്ധവർഷങ്ങൾ |

വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ നികുതി വടശ്ശേരിക്കര പഞ്ചായത്തിലേക്ക് തെറ്റായി ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (10/19-29.07.19) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി തിരികെ ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയും പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**ബി) <u>തൊഴിൽനികുതി ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാനമാണ് തൊഴിൽനികുതി. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷക്കാലം 60ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും, ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ ചട്ടപ്രകാരമുള്ള നടപടികൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ഇപ്രകാരമുള്ള

എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്നു. ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപനം സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ തൊഴിൽനികുതി(ചട്ടങ്ങൾ) എന്നിവ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ത.സ്വ.ഭ.സ്ഥാപനം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
- ത.സ്വ.ഭ.സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങളടങ്ങിയ പത്രിക സമർപ്പിക്കുകയും നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് സ്ഥാപനം നോട്ടീസ് നൽകേണ്ടതാണ് എന്നാൽ സർക്കാർ,അർദ്ധസർക്കാർസ്ഥാപനങ്ങളക്ക് മാത്രമെ ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളു.
- തൊഴിൽനികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യക്തികൾ/കമ്പനികൾ/വ്യാപാരികൾക്ക് നോട്ടീസ് നൽകേണ്ടതാണ് എന്നാൽ ഇപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ തൊഴിൽനികുതി ഡിമാന്റിലേക്ക് എല്ലാ വിഭാഗം ജീവനക്കാരേയും കൊണ്ടുവരുന്നതിന് സാധിക്കുന്നില്ല. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നുമാത്രമാണ് കാലങ്ങളായി നികുതി ഈടാക്കി വരുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം, തൊഴിൽനികുതി ചട്ടങ്ങൾ എന്നിവയിലെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് നിയമാനുസൃതമായ ഇളവുകൾ ഇല്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56(ബി) പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും ഇ.എം.ഡി. ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം കാലഹരണപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കുട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | റീഫണ്ട് ചെയ്യാത്ത തുക | തുക വരവ് വന്ന വർഷം |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 3000 | 2015-16 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 5000 | 2015-16 |
| സപ്ലയേഴ്സ് സെക്യൂറിറ്റി ഡെപ്പോസിറ്റ് | 15626 | 2015-16 |
| | | |

| | | |
|---|---|---|
| ആകെ | 23626 | |
| | | |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നടത്തിപ്പ് - അവലോകനം

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത 207 പദ്ധതികളിൽ 156 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് 53.12 ശതമാനം മാത്രമാണ്. പഞ്ചായത്തിന്റെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി വിഭാവനം ചെയ്യണമെന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയിലെ മിക്കവാറും എല്ലാ പ്രോജക്ടുകളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

*ഉത്പാദന മേഖല*

ഉത്പാദന മേഖലയിൽ 50 ശതമാനമാണ് ചെലവ് വന്നിട്ടുള്ളത്. ഇതാകട്ടെ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ മാത്രമാണ്. വ്യവസായം, മണ്ണ്സംരക്ഷണം, ജലസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾ പൂർണ്ണമായി അവഗണിക്കപ്പെട്ടു. എല്ലാ മേഖലകളിലും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

*സേവന മേഖല*

സേവന മേഖലയിൽ ചെലവ് 50 ശതമാനത്തിൽ താഴെയാണ്. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും പ്രോജക്ടറും വാങ്ങാനുള്ള പദ്ധതി ശരിയായ മോണിട്ടറിംഗിന്റെ അഭാവത്തിൽ പരാജയപ്പെട്ടു. കല/കായിക രംഗത്തും യാതൊരു പ്രോജക്ടും നടപ്പിലാക്കിയില്ല. അംഗൻവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ, അംഗൻവാടികൾക്ക് ഭൗതിക സാഹചര്യം ഒരുക്കൽ, എം.സി.എഫ് സെന്റർ നിർമ്മാണം ഉൾപ്പെടെയുള്ള പല പ്രോജക്ടുകളും ഉപേക്ഷിക്കപ്പെട്ടു. കൂത്താട്ടുകുളത്തുള്ള പഞ്ചായത്ത് കുളം നവീകരിച്ച് എടുത്തത് ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പകൽ വീടിന്റെ നിർമ്മാണം പൂർത്തിയായി കസേരകളും, മേശയും, അലമാരയും വാങ്ങി നൽകിയെങ്കിലും, ആയത് വൃദ്ധജനങ്ങളുടെ ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കി പകൽവീട് പ്രയോജനപ്പെടുത്തേണ്ടതാണ്.

*പശ്ചാത്തല മേഖല*

പശ്ചാത്തല മേഖലയിൽ 62 ശതമാനം ചെലവ് നടന്നിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഏറ്റവും അധികം ചെയ്തിട്ടുള്ളത്. ഇ-ടെണ്ടറിലൂടെ വളരെ കുറച്ച് പ്രവൃത്തികൾക്ക് മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വികസന ഫണ്ടിന്റ (ജനറൽ) ചെലവ് 30 ശതമാനത്തിൽ താഴെയും, എസ്.സി.പി ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതെയാണ് മരാമത്ത് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. പ്രവൃത്തികളുടെ മൂന്നിലൊന്ന് ഭാഗം മാർച്ച് മാസത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂത്താട്ടുകുളം എസ്.സി സാംസ്കാരിക നിലയം, കൊല്ലമുള സംസ്കാരിക നിലയം എന്നിവയുടെ അറ്റകുറ്റപ്പണി, കൂത്താട്ടുകുളം 75-ാം നമ്പർ അംഗൻവാടി കെട്ടിടം നിർമ്മാണം, കുറുമ്പൻമൂഴി അംഗൻവാടി കെട്ടിടം നിർമ്മാണം എന്നിവയുൾപ്പെടെ ആവിഷ്കരിച്ച പല പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല

പഞ്ചായത്തിന്റെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന പദ്ധതികൾ ഏറ്റെടുത്ത് അവ സമയബന്ധിതമായി നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ശ്രമമുണ്ടാകേണ്ടതാണ്.

# 3-2 ഗാർഹിക കുടിവെള്ള കണക്ഷൻ ഉള്ളവർക്ക് വീണ്ടും ആനുകൂല്യം നൽകി

| ബിൽ നം. | തീയതി | തുക |
|---|---|---|
| 28/18-19 | 25.01.2019 | 90000 |
| 35/18-19 | 18.03.2019 | 45000 |
| 37/18-19 | 27.03.2019 | 5000 |
| 38/18-19 | 27.03.2019 | 5000 |

മുൻ വർഷങ്ങളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത ഒൻപതു പേർക്ക് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19ലെ പദ്ധതി പ്രകാരം സബ്സിഡി നൽകി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'കുടിവെള്ളം ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ' (പ്രോജക്റ്റ് നം.19/2019) എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തിയാണ് ഇത്രയും പേർക്ക് ക്രമവിരുദ്ധമായി ആനുകൂല്യം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | കണക്ഷൻ എടുത്ത വർഷം | നൽകിയ സബ്സിഡി |
|---|---|---|---|
| പൈലി പൈലി<br>പുത്തൻതകിടിയിൽ | xiv | 07.11.2002 | 5000 |
| തോമസ് ചെറിയാൻ<br>മരുതിക്കാട്ടിൽ | xii | 15.03.2017 | 5000 |
| ഷെമീറ റഷീദ്<br>പീടികയിൽ | iii | 14.12.2016 | 5000 |
| മിനി സാബു<br>കാഞ്ഞിരത്തിങ്കൽ | xiv | 23.12.2016 | 5000 |
| മനോജ്കുമാർ<br>തെങ്ങിനാൽ | i | 10.03.2018 | 5000 |
| എം.എം.പുന്നൂസ്<br>മയലിൽ മേൽപ്പുറത്ത് | iii | 24.09.2016 | 5000 |
| ജോസ് | x | 05.12.2016 | 5000 |

| | | | |
|---|---|---|---|
| കളീയ്ക്കൽ പുത്തൻവീട് | | | |
| ഗോപാലകൃഷ്ണൻ നായർ<br>അരിക്കുഴിയിൽ | ix | 18.12.2017 | 5000 |
| ബെഞ്ചമിൻ സഖായ്<br>വഞ്ചിവേലിയിൽ | xv | 16.12.2013 | 5000 |

പി.ജെ.തോമസ്,പനമ്പകാലായിൽ എന്ന വ്യക്തിയ്ക്ക് നൽകിയ തുകയുടെ ചെലവിനാസ്പദമായ രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ആവർത്തന ചെലവ് ഒഴിവാക്കുക, കുടിവെള്ളം പാഴാകുന്നത് തടയുക എന്നീ ലക്ഷ്യങ്ങളോടയാണ് ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്. എന്നാൽ മുൻ വർഷങ്ങളിൽ കണക്ഷൻ എടുത്തവർക്ക് സബ്സിഡി വീണ്ടും നൽകിയതിലൂടെ യഥാർത്ഥമായിട്ടുള്ള ആവശ്യക്കാരൻ തഴയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനായി 05.08.2019ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് ചെലവഴിച്ച 45000 രൂപയും, വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പി.ജെ.തോമസ് എന്നയാൾക്ക് നൽകിയ 5000 രൂപയുൾപ്പെടെ ആകെ 50000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 സ്മാർട്ട് ക്ലാസ്സ്റൂം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഗ്രാമപഞ്ചായത്തിലെ രണ്ട് ഗവ.എൽ.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 231980 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സ്മാർട്ട് റൂം നാളിതുവരെ യാഥാർത്ഥ്യമായില്ല. ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനായി ചുവടെ പറയുന്ന ഉപകരണങ്ങൾ ആന്ടി കോം സിസ്റ്റംസ്, റാന്നി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| 1. | ലാപ്പ്ടോപ്പ് | 2 |
| 2. | പ്രൊജക്റ്റർ | 2 |
| 3. | സീലിംഗ് മൗണ്ട് കിറ്റ് | 2 |
| 4. | വൈറ്റ് ബോർഡ് | 2 |
| 5. | യു,പി.എസ് ബാറ്ററി | 2 |
| 6. | ആംബ്ലിഫയർ | 2 |
| 7. | മൈക്രോഫോൺ | 4 |
| 8. | മൈക്ക് സ്റ്റാന്റ് | 4 |
| 9. | ഡി.വി.ഡി പ്ലയർ | 2 |
| 10. | സ്പീക്കർ | 4 |
| 11. | പ്രിന്റർ | 2 |

മേൽപ്പറഞ്ഞ കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ 11.12.2018 തീയതിയിൽ പരുവ, വാറ്റുകുന്ന് എന്നീ ഗവ.എൽ.പി.സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ഭാഗമായി 06.08.2019 ന് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യമായി. ലഭിച്ച

ഉപകരണങ്ങൾ ഓഫീസ് റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. കരാർ ലഭിച്ച സ്ഥാപനം കരാർ പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചിട്ടും (14-ാം നമ്പർ വ്യവസ്ഥ) യാതൊരു തുടർനടപടിയും നിർവ്വഹണഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. നൂതന സാങ്കേതിക വിദ്യയുടെ ഗുണഫലം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനും അതുവഴി പഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കാണാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 231980രൂപ ഓഡിറ്റ് തടസ്സത്തിൽവെയ്ക്കുന്നു.

# 3-4 ഫ്രണ്ട് ഓഫീസ് കിയോസ്ക് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല

ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തികവർഷം 119850രൂപ ചെലവഴിച്ച് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് ഓഡിറ്റ് കാലയളവിലും സ്ഥാപിച്ചിട്ടില്ല. ഇൻഫർമേഷൻ കേരള മിഷൻ വികസസിപ്പിച്ച സോഫ്റ്റ് വെയർ വിന്യസിച്ച് ബാക്ക് ഓഫീസുമായി ബന്ധിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചില്ല. വാങ്ങിയ ഉപകരണം ഫ്രണ്ട് ഓഫീസിനോട് ചേർന്നുള്ള മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.




പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ ഉപയോഗശൂന്യമാക്കിക്കളയുന്നത് അവ ആർജ്ജിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. കിയോസ്ക് പ്രവർത്തനക്ഷമമാക്കി, വ്യവസ്ഥകൾക്ക് വിധേയമായി തുടർ നടത്തിപ്പും സംരക്ഷണവും ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

# 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ ആനുകൂല്യംനൽകുന്നില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി എച്ച്.എം നിർവ്വഹണഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും 3ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപയും ഉൾപ്പെടെ 4ലക്ഷം രൂപ വകയിരുത്തിയ പദ്ധതിക്കായി 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|
| 06/19 | 255200 | 04/15.10.2018 |
| | 44800 | 10/14.02.2019 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ/ബി.പി.എൽ വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണെന്നും അർഹമായ മുഴുവൻ തുകയും നൽകാൻ പര്യാപ്തമാകും വിധം തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കണമെന്നും 13ാം പദ്ധതി മാർഗ്ഗരേഖയിലൂടെയും പ്രത്യേക ഉത്തരവിലൂടെയും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഉത്തരവിന് വിരുദ്ധമായി നാമമാത്രമായ തുക വകയിരുത്തിയത് മൂലം അർഹമായ ധനസഹായത്തിന്റെ 25% മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ 5300 മുതൽ 13500രൂപ വരെയും, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 28500രൂപയും ധനസഹായം നൽകാമെന്നിരിക്കെ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി പ്രകാരം യഥാക്രമം 2000 രൂപ മുതൽ 7500 രൂപ വരെയാണ് ആനുകൂല്യം നൽകിയത്. എഴുനൂറോളം ഭിന്നശേഷിക്കാരുള്ള പഞ്ചായത്തിൽ സ്കോളർഷിപ്പിന് അർഹതയുള്ള മുഴുവൻ പേർക്കും ആനുകൂല്യം നൽകിയില്ല. 26 പേർക്കുമാത്രമാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്.അർഹരായ മുഴുവൻ പേർക്കും സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുകയോ, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സമാഹരിക്കുകയോ ചെയ്തിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് (നം.6/19) പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത് എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ ആണ്. സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സേവനം പഞ്ചായത്തിൽ ലഭ്യമായിരിക്കെ പദ്ധതി നിർവ്വഹണത്തിന് ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തിയത് മൂലം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാനായില്ല. തുടർവർഷങ്ങളിൽ അർഹമായ മുഴുവൻ തുകയും നൽകാൻ കഴിയും വിധം തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 3-6 ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർ നിലവിൽ ഭവനരഹിതരായി തുടരുന്നു

പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായി ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ 16 പേർ നിലവിലും ഭവനരഹിതരാണ്. ആശ്രയ പദ്ധതിക്കു പകരമായി ആവിഷ്കരിച്ച അഗതിരഹിതകേരളം പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ഇത്രയും പേരുടെ പുനരധിവാസം സംബന്ധിച്ച് യാതൊരു ഉറപ്പും നൽകാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. വീട് ലഭിക്കാൻ ഏറ്റവും അർഹരായ ഇവരെ തഴഞ്ഞാണ് ലൈഫ് പദ്ധതിയും നടപ്പിലാക്കിവരുന്നത്. ആശ്രയ പദ്ധതിയിൽ അവശേഷിക്കുന്നഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ചലഞ്ച് ഫണ്ട് | 333452 |
| വികസനഫണ്ട് | 2119647 |
| ബാങ്ക് പലിശ | 431176 |
| **ആകെ** | **2884275** |

ഗ്രാമപ്പഞ്ചായത്തിന്റെ വികസനഫണ്ട് ഉൾപ്പെടെ 28.9 ലക്ഷം രൂപ ആശ്രയ അക്കൗണ്ടിൽ നിലവിലുള്ള സാഹചര്യത്തിലും പ്രസ്തുത പദ്ധതിയിലോ, സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയായ ലൈഫിലോ ഉൾപ്പെടുത്തി ഇവർക്ക് വീടു നിർമ്മാണത്തിന് ധനസഹായം നൽകാതിരുന്നത് നിരാലംബരായവരോടുള്ള അവഗണനയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 അങ്കണവാടികൾക്ക് അധിക വാടക നൽകുന്നില്ല

സ്വന്തമായി കെട്ടിടമില്ലാത്തത് മൂലം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏഴ് അങ്കണവാടികളാണ് ഗ്രാമപ്പഞ്ചായത്തിൽ ഉള്ളത്. ഇവയുടെ വാടകയിനത്തിൽ കേന്ദ്രസർക്കാർ പ്രതിമാസം 750 രൂപ നൽകുന്നുണ്ട്. എന്നാൽ ഇതിനെക്കാൾ അധിക തുക യഥാർത്ഥത്തിൽ വേണ്ടിവരുന്നുണ്ട്. അധികമായി നൽകേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ തന്നെയാണ് നൽകിവരുന്നത് എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 2018-19-ൽ ഇത്തരത്തിൽ അധികമായി നൽകിയ വാടകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം | പ്രതിമാസ വാടക | ഒരുവർഷത്തെ ചെലവ് | കേന്ദ്രഫണ്ട് ലഭിച്ചത് | ജീവനക്കാർ നൽകിയത് |
|---|---|---|---|---|
| 71 | 850 | 10200 | 9000 | 1200 |
| 76 | 600 | 7200 | 4800 | 2400 |
| 80 | 1000 | 12000 | 9000 | 3000 |
| 84 | 1500 | 18000 | 9000 | 9000 |
| 85 | 1100 | 13200 | 9000 | 4200 |
| 87 | 1500 | 18000 | 7200 | 10800 |
| **ആകെ** | | **78600** | **48000** | **30600** |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

# 3-8 സെന്റേജ് ചാർജ്ജ് അധികം ഈടാക്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ, PWD മാന്വൽ KWA-യ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിന്ന് ഈടാക്കാൻ പാടില്ലായെന്ന് സ.ഉ(സാധാ.) 1069/18/തസ്വഭവ/16.4.18 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 24.9.2018-ലെ KWA/JB/P2/ 663/17 നമ്പർ ഉത്തരവിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്.

| *ക്രമ നം.* | *പദ്ധതി പേര്, നമ്പർ* | *ഡെപ്പോസിറ്റ് തുക* | *എസ്റ്റിമേറ്റ് തുക* | *ഈടാക്കിയ സെന്റേജ്* | *ഈടാക്കേണ്ടിയിരുന്ന സെന്റേജ്* | *അധികം ഈടാക്കിയത്* |
|---|---|---|---|---|---|---|
| 1 | മുക്കഴി പൈപ്പ് ലൈൻ നീട്ടൽ (77/18) | 200000/- | 200000/- | 22047 | 17638/- | 4409/- |

| | | | | | | |
|---|---|---|---|---|---|---|
| | *(അടങ്കൽ- 200000/- )* | | | | | |
| 2 | വാകമുക്ക് കുത്താട്ടുകുളം പൈപ്പ് ലൈൻ നീട്ടൽ (22/19) *(അടങ്കൽ - 500000/-)* | 500000/- | 500000/- | 55360/- | 44288/- | 11072/- |
| 3 | വാകമുക്ക് പൈപ്പ് ലൈൻ നീട്ടൽ (22/19) *(അടങ്കൽ - 500000/-)* | 500000/- | 500000/- | 54951/- | 43961/- | 10990/- |

അധികം നൽകിയ സെന്റേജ് ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-9 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരണം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തൻ വർഷം ഈയിനത്തിൽ ചെലവഴിച്ച 2887776 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| *പ്രോജക്ട്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *വൗച്ചർ നമ്പർ, തീയതി* |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (64/19) | കെ.എസ്. ഇ.ബി | 492200 | ട്രഷറി ബിൽ നം. -2/18-19/25.5.18 – 492200/- |
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (222/19) | കെ.എസ്. ഇ.ബി | 1195576 | ട്രഷറി ബിൽ നം. -41/18-19/28.3.19– 492200/- |
| മുക്കുഴി പൈപ്പ് ലൈൻ നീട്ടൽ (77/19) | വാട്ടർ അതോറിറ്റി | 200000 | ട്രഷറി ബിൽ നം. 21/18-19/15.9.18 – 200000/- |
| വാകമുക്ക് കുത്താട്ടുകുളം പൈപ്പ് ലൈൻ നീട്ടൽ (22/19) | വാട്ടർ അതോറിറ്റി | 500000 | ട്രഷറി ബിൽ നം. 7/18-19/31.5.18 – 500000/- |
| വാകമുക്ക് പൈപ്പ് ലൈൻ നീട്ടൽ (22/19) | വാട്ടർ അതോറിറ്റി | 500000 | ട്രഷറി ബിൽ നം. 8/18-19/31.5.18 – 500000/- |
| | ആകെ | 2887776 | |

പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-10 പൊതു ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടി ഫലം കണ്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 389 ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം 3/2017 വരെ 170188/- രൂപ ചെലവഴിച്ചിരുന്നു. ജനവരി 2017-ൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 300 ടാപ്പുകളിൽ 157 എണ്ണം ഒഴിവാക്കേണ്ടതും, 141 എണ്ണം നിലനിർത്തേണ്ടതും, 2 എണ്ണം പുന:സ്ഥാപിക്കേണ്ടതുമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ. പഞ്ചായത്ത് കമ്മിറ്റിയുടെ 6.2.2017-ലെ I(7)-ാം നമ്പർ തീരുമാനം പ്രകാരം പ്രവർത്തരഹിതമായ 157 ടാപ്പുകൾ പ്ലഗ് ചെയ്യുന്നതിന് 250000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് 2018-19-ൽ നടപ്പിലാക്കിയിട്ടുണ്ട്. (250000/- രൂപ ട്രഷറി ബിൽ നം. 17/18-19/6.2.2019 ) എന്നാൽ, വാട്ടർ ടാപ്പുകൾ ഒഴിവാക്കിയത് മൂലമുള്ള കുറവ് 5/2019-ലെ ബില്ലിലും പ്രതിഫലിച്ചിട്ടില്ല. 5/2019-ൽ 5566949/- രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണാൻ ശ്രമമുണ്ടാകേണ്ടതാണ്.

# 3-11 മീറ്ററിംഗ് പ്രവൃത്തികൾ നാളിതുവരെ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 363212/- രൂപ 2018-19 വർഷം

ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് (20 മീറ്ററുകൾക്ക്) തുകയായ 212000/- രൂപ (ട്രഷറി ബിൽ നമ്പർ 18/16-17/ 28.2.17) ഇലക്ട്രിക്കൽ സെക്ഷൻ, വെച്ചൂച്ചിറയിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. വെച്ചൂച്ചിറ, എരുമേലി എന്നീ രണ്ട് സെക്ഷനുകളുടെ കീഴിലാണ് പഞ്ചായത്തിന്റെ പ്രദേശങ്ങൾ ഉൾപ്പെടുന്നത്. കെ.എസ്.ഇ.ബി-യുമായി ഏർപ്പെട്ട കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് സംബന്ധിച്ച് വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത് മൂലം പ്രവൃത്തി പൂർത്തീകരിക്കാതെ നീണ്ടു പോകുന്ന സാഹചര്യം നിലനിൽക്കുന്നു. മാത്രമല്ല, പഞ്ചായത്ത് ഫണ്ട് മറ്റ് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പലിശരഹിതമായി അവശേഷിക്കുന്ന സ്ഥിതിയും ഉണ്ടാകുന്നു. ഇത് പ്രതിമാസം കറണ്ട് ചാർജ്ജിനത്തിൽ നൽകുന്ന തുക കൂടാതെ, പലിശയിനത്തിൽ ലഭിക്കാമായിരുന്ന തുകയും പഞ്ചായത്തിന് നഷ്ടമാകുന്നു. ആയതിനാൽ, മീറ്ററിംഗ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-12 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ 2/2016 മുതൽ പുതിയ നിരക്കിൽ പെൻഷൻ വിഹിതം ഒടുക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ഡയറി എക്സ്റ്റൻഷൻ ഓഫീസർ ക്യാഷ് ബുക്ക് എഴുതിയില്ല

2018-19 വർഷം ഡെയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വരവ് ചെലവ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനയ്ക്കായി പ്രസ്തുത വർഷത്തെ ക്യാഷ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് 30.07.2019ലെ ഓഡിറ്റ് എൻക്വയറി നം.13മുഖേന നിർദ്ദേശം നൽകിയിരുന്നു. ക്യാഷ് ബുക്ക് എഴുതിയിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം മറുപടി ലഭ്യമാക്കി. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ടസ്) ചട്ടങ്ങളിലെ ചട്ടം 16നിഷ്കർഷിച്ചിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രോജക്ടിന്റെ പേര്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2093653 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (ജനറൽ) | 1960000 | 133653 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 331387 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 331387 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 100000 | അംഗൻവാടി പോഷകാഹാര പരിപാടി | 92690 | 7310 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2000000 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ | 2000000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 3500000 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ (എസ്.സി) | 2122264 | 1377736 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 650000 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ | 0 | 650000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 3500000 | കിണർ റീചാർജ്ജിംഗ് | 0 | 3500000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 1677700 | കുത്താട്ടുകുളം കുളം നവീകരണം | 1175916 | 501784 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 75000 | പാലിയേറ്റീവ് കെയർ യൂണിറ്റ് | 75000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2845305 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (ജനറൽ) | 2820000 | 25305 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 194133 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 194133 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1500000 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ | 1500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 0 | 500000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 100000 |
| പത്തനംതിട്ട ജില്ലാ | 500000 | കുത്താട്ടുകുളം 76-ാം നമ്പർ | 0 | 500000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | അംഗൻവാടി കെട്ടിട നിർമ്മാണം | | |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | കുറുമ്പൻമൂഴി അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 300000 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| *പ്രോജക്ട്* | *നിക്ഷേപിച്ച സ്ഥാപനം* | *നൽകിയതുക* | *ബിൽ നമ്പർ, തീയതി* | *റിമാർക്സ്* |
|---|---|---|---|---|
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (64/19) | കെ.എസ്. ഇ.ബി | 492200 | ട്രഷറി ബിൽ നം. -2/18-19/25.5.18 – | പൂർത്തീകരിച്ചില്ല |
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (222/19) | കെ.എസ്. ഇ.ബി | 1195576 | ട്രഷറി ബിൽ നം. -41/18-19/28.3.19 | പൂർത്തീകരിച്ചില്ല |
| മുക്കുഴി പൈപ്പ് ലൈൻ നീട്ടൽ (77/19) | വാട്ടർ അതോറിറ്റി | 200000 | ട്രഷറി ബിൽ നം. 21/18-19/15.9.18 | പൂർത്തീകരിച്ചില്ല |
| വാകമുക്ക് കുത്താട്ടുകുളം പൈപ്പ് ലൈൻ നീട്ടൽ (22/19) | വാട്ടർ അതോറിറ്റി | 500000 | ട്രഷറി ബിൽ നം. 7/18-19/31.5.18 | പൂർത്തീകരിച്ചില്ല |
| വാകമുക്ക് പൈപ്പ് ലൈൻ നീട്ടൽ (22/19) | വാട്ടർ അതോറിറ്റി | 500000 | ട്രഷറി ബിൽ നം. 8/18-19/31.5.18 | പൂർത്തീകരിച്ചില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(കൈ.) 5631/10/ തസ്വഭവ തീ. 22.2.2010 | 12804000 | 1949944 | 1480400 | 245508 | 469544 |
| KURDFC ലോൺ | - | 6800000 | - | - | - | 6800000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2016-17 | 2-7 | തൊഴിൽ നികുതി ഈടാക്കാത്തത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിലൂടെ പരിഗണനയിലാണ് |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 120502493 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87662900 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3164756 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-2 | 45000 | ശ്രീ. റോബിൻ മാത്യു, വി.ഇ.ഒ |
| 3-3 | 231980 | ശ്രീ. ജോൺ ശാമുവൽ, എച്ച്.എം, ജിഎൽപിഎസ്, കുന്നം |
| 3-9 | 1692200 | ശ്രീ. മുകുന്ദൻ വി, സെക്രട്ടറി |
| | 1195576 | ശ്രീ. ജോസ് ഈപ്പൻ, സെക്രട്ടറി |
| **ആകെ** | **3164756** | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | *പേര്, ഉദ്യോഗപ്പേര്* | നിലവിലെ ഔദ്യോഗിക മേൽവിലാസം | *സ്ഥിരം മേൽവിലാസം* |
|---|---|---|---|
| 1 | ശ്രീ. റോബിൻ മാത്യു, വി.ഇ.ഒ | നിലവിൽ സസ്പെൻഷനിലാണ് | |
| 2 | ശ്രീ. ജോൺ ശാമുവൽ, ഹെഡ്മാസ്റ്റർ, | എച്ച്.എം. ജിഎൽപിഎസ്, കുന്നം | ചരുവിള പുത്തൻവീട് ചാത്തൻതറ, വെച്ചൂച്ചിറ |
| 3 | ശ്രീ. മുകുന്ദൻ വി, സെക്രട്ടറി | റിട്ടയർ ചെയ്തു | ഏഴോലിക്കൽ വീട് , മാടപ്പള്ളി പി.ഒ, കോട്ടയം പിൻ – 686546 |
| 4 | ശ്രീ. ജോസ് ഈപ്പൻ, സെക്രട്ടറി | സെക്രട്ടറി വെച്ചൂച്ചിറ ഗ്രാമപ്പഞ്ചായത്ത് | പ്ലാംമൂട്ടിൽ ശാലേംഭവൻ, കുറ്റപ്പുഴ, തിരുവല്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4.407/03 തീയതി 3.11.04/7.2.05 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി4.708/03 തീയതി 3.11.04/8.2.05 | 11 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3.623/98 തീയതി 13.1.99/6.3.99 | 4 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4.657/05 തീയതി 5.5.06 | 6 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.658/05 തീയതി 7.1.06/5.5.06 | 2 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.107/00 തീയതി 3.3.06/7.11.07 | 16 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.297/06 തീയതി 11.10.06/7.11.07 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4.287/02 തീയതി 19.3.03/3.10.03 | എല്ലാ ഖണ്ഡികകളും. |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.488(എ)/06 തീയതി.11.10.06/30.11.07 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4.659/02 തീയതി 3.4.03/5.8.03 | 5 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.454/04 തീയതി 15.10.04/2.2.05 | 1 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.488/06 തീയതി 12.10.06/30.11.07 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4.678/06 തീയതി 12.3.07/21.12.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4.153/07 തീയതി 13.9.07/22.12.07 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8.890/10 തീയതി 7.10.11/7.12.11 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8.891/10 തീയതി 7.10.11/7.12.11 | 10 |

| | | |
|---|---|---|
| 2006-07മുതൽ 2008-09വരെ | എൽ.എഫ്.പി.റ്റി.എ-പി6.698/12 തീയതി 25.10.12/30.11.13 | 37 |
| 2009-10 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി6.596/13 തീയതി 20.11.13/30.4.14 | 1 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.597/13 തീയതി 20.11.13/14.11.14 | 4 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി6.274/15 തീയതി 1.7.15/9.7.15 | 7 |
| 2013-14 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.167/2016 തീയതി 19.3.16 | 12 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1278/2016 തീയതി 1.12.2016 | 7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി6.1132/2017 തീയതി 26.09.2017 | 15 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി6-130/19 തീയതി 7.3.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിജയലക്ഷ്മി പി കെ**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി6 -694/2019 തീയതി 17.08.2019

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**വിജയലക്ഷ്മി പി കെ**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**

No.KSA.PTA.P6-694/2019 Date:17.08.2019

**CERTIFICATE**

Certified that I have examined the Annual Financial Statement of **Vechoochira Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vechoochira Grama Panchayat** for the year 2018-19 except the observations in para 1-12 of my report properly presents the picture of income and expenditure.

**Vijayalekshmi P K**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**